# ഞാൻ നന്നാകില്ല,
# ആർക്കെന്താ ചേതം?

എന്നെ ഉപദേശിക്കാൻ നീയാര്, അവനാര് തുടങ്ങിയ ഡയലോഗുകൾക്ക് വിമ്പിളക്ക ലിൻെറ സ്വരമുണ്ട്. സ്വയം വലുതാകലിൻെറയും അപരനെ താഴ്ത്തലിൻെറയും സ്വാർഥത്തിൻെറ കെട്ട രുചിയും അതിനുണ്ട്.

ഉപദേശിക്കാനല്ല എളുപ്പം, ഉപദേശം കേൾക്കാനാണ്. ഉപദേശം കേൾക്കാൻ ഇഷ്ടപ്പെടാത്തവൻ അഹങ്കാരിയാകുന്നു. ഉപദേശിക്കാത്തവൻ മടിയനും പാപിയും.

പരസ്പരം ഉപദേശിക്കാത്ത ആളുകളും ജനതയും നഷ്ടത്തിലാണെന്ന് വിശുദ്ധ ഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തി. കാലം അതിന് സാക്ഷിയാണ്.

ഉപദേശം ഏത് വിഷയമായാലും അത് ആധ്യാത്മികവും ധാർമികവുമാണ്. സമൂഹത്തിനുള്ള ജീവനാണതിൻെറ ആത്മാവ്. ഉപദേശം ധാർമികാമാകാതിരുന്നാൽ ദുഷിക്കുന്നത് സമൂഹം മുഴുവനുമാണ്.

ഗീത മുഴുവൻ ഉപദേശമാണ്. മറ്റു ഗ്രന്ഥങ്ങളും ഉപദേശങ്ങളാണ്. മനുഷ്യൻ നന്നാകുന്നതിനുള്ള സാരോപദേശങ്ങൾ.

വല്ലാതെ പാടുപെട്ട് ഉപദേശിക്കണമെന്നല്ല സൂചിപ്പിക്കുന്നത്. ആ ഉപദേശത്തിലാണ് നമുക്ക് സുരക്ഷ എന്നാണ്. അതിന് രണ്ട് വശങ്ങളുണ്ട്. ഒന്ന്, ഉപദേശി സ്വയം നന്നായിരിക്കണം. രണ്ട്, ഉപദേശം മറ്റുള്ളവർ സ്വീകരിക്കണം. ഈ രണ്ട് ഘടകങ്ങളും ഒത്തുവന്നെങ്കിൽ മാത്രമേ ഉപദേശം ഫലവത്താവുകയുള്ളൂ.

പഴയ കാലത്ത് മുതിർന്നവർ ഉപദേശിക്കാൻ സമയം കണ്ടെത്തിയിരുന്നു. അതിൻെറ ഫലം അനന്തര തലമുറകളിൽ സ്വാധീനം ചെലുത്തിയിരുന്നു. പക്ഷേ, ഇന്നാ ശീലം കാണെ അസ്തമിച്ചിരിക്കുന്നു. ഉപദേശിക്കാനും ആർക്കുമില്ല ഔത്സുക്യം. ഉപദേശം കേൾക്കാൻ ഇന്ന് ആളുകൾക്കും താല്പര്യമില്ല.

പരമാവധി സുഖിക്കണമെന്ന ചിന്തയിലാണ്ടു കിടക്കുകയാണ് എല്ലാവരും. അതിനു മുമ്പിൽ ഹിതാഹിതങ്ങളില്ല. പണമൊഴുക്കി സ്വയം നശിക്കുന്നതിൽ ഏറെ മുമ്പിൽ നില്ക്കുന്നത് ഗൾഫ്പണത്തിൻെറ ആശ്രിതരാണ്. കൈയിൽ കിട്ടുന്ന പണത്തിന് വേദനയില്ലല്ലോ. പിന്നെ എങ്ങനെ ജീവിച്ചാലെന്ത്?

തനിക്ക് തോന്നിയത് വേദം എന്നാണ് ഇന്നത്തെ സമീപനം. ആർ എന്ത് ചെയ്താലും ആർക്കുമില്ല പ്രശ്നം. സ്വന്തം മകൻ മയക്കുമരുന്നിന് അടിമയാണെന്നു കേട്ടാലും വേദന ഉള്ളിലൊതുക്കി ജീവിക്കുക എന്നല്ലാതെ ആരോഗ്യകരമായ നടപടികളെടുക്കാനാകാത്ത നിസ്സഹായാവസ്ഥയാണിന്ന് പലരെയും ബാധിച്ചിട്ടുള്ളത്. അതിൻെറ തിക്തഫലം നാം ഏറെ അനുഭവിക്കുന്നുമുണ്ട്.

ഉപദേശം ചെറുതായെങ്കിലും വളർന്നുവരണം. തെറ്റ് ചെയ്യുന്നവനോട് “നീ ആ ചെയ്തത് പാതകമാണ്” എന്ന് പറയാൻ ധൈര്യം കാണിക്കണം. ചെറിയ ചെറിയ തിരുത്തലിൽ സമൂഹത്തിന് ജീവനുണ്ട് എന്നു നാം തിരിച്ചറിയുക.

ഞാൻ നന്നാകില്ല, ആർക്കെന്താ ചേതം? എന്ന ചോദ്യം ഒരു വ്യക്തിയുടെ അഹങ്കാരത്തിൽനിന്ന് വളർന്നുവരുന്ന ഹുങ്കാണ്. അത് ഗ്രസിച്ചുതകർക്കുക ഒരു സമൂഹത്തെ മുഴുവനായിരിക്കും. നമ്മുടെ കുരുന്നുകളെ നശിപ്പിച്ച് വീടുകളിൽ അതിൻെറ അസ്വാരസ്യങ്ങൾ വളർന്നുവരാൻ ഏറെയൊന്നും കാത്തിരിക്കേണ്ടിവരില്ല.